LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് നടപടികൾ

127 [869] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ഒരുമിച്ച് പൊതുമേഖലയിൽ നിലനിർത്തണം എന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ എന്തെല്ലാം സംഗതികളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്;

(സി) അവ ഓരോന്നും സംബന്ധിച്ച സർക്കാരിന്റെ സമീപനം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ, ഇലക്ട്രിസിറ്റി ബോർഡിനെ സർക്കാർ ഉടമസ്ഥതയിലുള്ള ഏക കമ്പനിയായി നിലനിർത്തണമെന്നും, ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വേണ്ടിവരുന്ന കൈമാറ്റ പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായി, ആഫീസർമാരുടെ സംഘടനകൾ ഉൾപ്പെടെയുള്ള വൈദ്യുതി മേഖലയിലെ ബന്ധപ്പെട്ട എല്ലാവരുമായും സർക്കാർ വിശദമായ ചർച്ചകൾ നടത്തി അതിൽ ഉരുത്തിരിയുന്ന ആശയങ്ങൾ പരിശോധിച്ച്, പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ വിധത്തിൽ യുക്തമായ തീരുമാനങ്ങൾ എടുക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി, ഡി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വിവിധ വകുപ്പുകൾക്ക് അനുസൃതമായി സംസ്ഥാന വൈദ്യുതി മേഖലയെ അതാത് സംസ്ഥാന സർക്കാരുകൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കൺസൾട്ടന്റിന്റെ റിപ്പോർട്ട് പരിഗണിക്കുമ്പോൾ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളും പരിഗണിക്കുന്നതാണ്.

എൻ.ടി.പി.സി. ഉൾപ്പെടെയുള്ള വിവിധ നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയുടെ വിഹിതം

128 [870] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി., എൻ.ടി.പി.സി. ഉൾപ്പെടെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തുതുക വീതം നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) എൻ.ടി.പി.സി. ഉൾപ്പെടെയുള്ള വിവിധ നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയുടെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന് അർഹമായ വിഹിതം ഇപ്പോൾ പൂർണ്ണമായും ലഭിച്ചു വരുന്നുണ്ടോ;

(ഡി) കായംകുളം നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും കെ.എസ്.ഇ.ബി. എടുക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥകൾ എന്താണ്; ഇതിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡ് എൻ.ടി.പി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് മാസാമാസങ്ങളിൽ കൃത്യമായി തുകകൾ കൊടുക്കാറുണ്ട്. എന്നാൽ ജൂൺ 2001 വരെ എൻ.ടി.പി.സി.-ക്ക് നൽകുവാനുണ്ടായിരുന്ന 315 കോടി രൂപയുടെ കുടിശ്ശികയുടെ ബാക്കി 156.69 കോടി രൂപയാണ് 31-12-2003-ലെ കണക്ക് പ്രകാരം കൊടുക്കേണ്ടത്.

(ബി) എൻ.ടി.പി.സി. ഉൾപ്പെടെ വിവിധ നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയുടെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ലഭിക്കുന്നുണ്ട്.

(ഡി) ഇല്ല. കായംകുളം നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഒരു വിഹിതം തമിഴ്നാടിന് കൊടുക്കാനുണ്ട്. ഇതു സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥകൾ താഴെപ്പറയുന്നു:

(1) എൻ.ടി.പി.സി.-യുടെ കായംകുളം നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 50% തമിഴ്നാടിന് നൽകുന്നു.

(2) ഈ വൈദ്യുതി കായംകുളത്തുനിന്നും നൽകുന്നതിനുപകരം കേരളത്തിനു ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ നിന്നും നേരിട്ട് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് (ടി.എൻ.ഇ.ബി.) നൽകുകയാണ്.

(3) കായംകുളം നിലയത്തിന്റെ ഫിക്സഡ് ചാർജിന്റെ 50%വും തമിഴ്നാട് എടുക്കുന്ന വൈദ്യുതിയുടെ എനർജി ചാർജും എൻ.ടി.പി.സി.-ക്ക് ടി.എൻ.ഇ.ബി. നൽകുന്നു.

(4) കായംകുളം നിലയത്തിന്റെ ശേഷിയുടെ 80% എങ്കിലും ലഭ്യമാക്കിയാൽ മാത്രമേ എൻ.ടി.പി.സി. 100% ഫിക്സഡ് ചാർജ് ഈടാക്കുകയുള്ളൂ.

(5) കായംകുളം നിലയത്തിന് എൻ.ടി.പി.സി. ഇൻകംടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് സി.ഇ.ആർ.സി.-യുടെ തീരുമാനം കെ.എസ്.ഇ.ബി.-ക്കും ടി.എൻ.ഇ.ബി.-ക്കും ബാധകമായിരിക്കും.

(6) കായംകുളം നിലയത്തിലെ വൈദ്യുതിക്ക് നൽകേണ്ടിവരുന്ന ഡ്യൂട്ടിയുടെയും ലെവികളുടെയും 50% ടി.എൻ.ഇ.ബി. വഹിക്കും.

കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി പങ്കുവയ്ക്കുന്നതിനുള്ള വ്യവസ്ഥകൾക്ക് 31-3-2005 വരെയാണ് കാലാവധി പറഞ്ഞിട്ടുള്ളത്. ഈ കാലാവധിക്കുള്ളിൽ ഒരു മാറ്റം ഉദ്ദേശിക്കുന്നില്ല.

† അനുബന്ധം XV.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
54	ആനവിലാസം	ഇടുക്കി	0.30	..
55	ചെമ്പുക്കട്ടി	പാലക്കാട്	6.50	14.32
56	കൂടം	പാലക്കാട്	4.00	9.76
57	ഈഞ്ചവാരകുത്ത്	ഇടുക്കി	3.00	..
58	ചെമ്മണ്ണാർ	ഇടുക്കി	1.00	2.62
59	കാഞ്ഞപ്പുഴ	ഇടുക്കി	0.75	3.00
60	റാൻടംകടവ്	കണ്ണൂർ	0.50	0.99
61	അരുവിക്കുഴിപ്പാറ/ മരങ്ങാട്ടുപള്ളി	കോട്ടയം	0.30	1.32
		മൊത്തം	161.10	430.00

അനുബന്ധം XV

[29-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 128 (870) ദയവായി കാണുക.]

Station	*Installed Capacity*	*Allocation*	
		%	*MW*
CGS in Southern Region			
NTPC Ramagundam	2100	14.7	308.7
NLC Stage I	630	11.5	72.5
NLC Stage II	840	12.2	102.6
NLCI Expansion	420	14.0	58.8
NPC MAPS	340	6.2	21.1
NPC Kaiga	440	13.0	57.2
Talcher Stage 2 (U #3)	500	17.4	87.0
Eastern Region			
Farakka	1600	1.5	24.5
Kahaalgaon	840	4.5	37.5
Talcher-I	1000	1.1	11.1
Central Sector Total			780.8
IPP (Kerala)			
Kayamkulam	350	50.0	175.0
BSES	157	100.0	157.0
KPCL	20	100.0	20.0
IPP Total	..	..	352.0
Total			1132.8

Talcher Stage 2 U # 4 on trial operation.

LIBRARY ARCHIVES Kerala Legislative Assembly